# Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

Prot. No. MPL: 119/25/10 8 September 2025

## സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

ഓസ്ട്രേലിയായിലെ കത്തോലിക്കാസഭാ എല്ലാവർഷവും സെപ്റ്റംബർ മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ച്ച Safeguarding Sunday ആയി ആചരിച്ചു വരുന്നു. ഈ വർഷം അത് സെപ്റ്റംബർ 14-ാം തീയതി ഞായറാഴ്ച്ച National Child Protection വാരത്തിന്റെ സമാപനത്തോടെ ആചരിക്കുകയാണ്.

നമ്മുടെ സഭാത്മക ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ദിവസമാണിത്. അതിന് സാമൂഹികമാനം മാത്രമല്ല, മറിച്ച് ഒരു ആത്മീയമാനവും പ്രാധാന്യവുമുണ്ട്. കഴിഞ്ഞകാലഘട്ടങ്ങളിൽ കുട്ടികളും സംരക്ഷണം ആവശ്യമുള്ള മുതിർന്നവരും സഭയുടെ നേതൃത്വത്തിലുള്ളവരിൽനിന്നും സഭാശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്നും ഉണ്ടായ ചൂഷണങ്ങളേയും വീഴ്ചകളേയും ഓർമ്മിക്കുവാനും അതിന് ഇരയായവർക്കു വേണ്ട സംരക്ഷണവും നീതിയും ഉറപ്പുവരുത്തുവാനും അവർക്കു വേണ്ടിയും അവരുടെ കുടുംബാംഗങ്ങൾക്കും അവരെ സഹായിക്കുന്ന എല്ലാവർക്കും വേണ്ടിയും പ്രർത്ഥിക്കുവാനുള്ള ഒരവസരവുമാണിത്. അതോടൊപ്പം, കഴിഞ്ഞകാലഘട്ടങ്ങളിലെ വീഴ്ചകളിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് പുത്തനുണർവ്വോടും തീക്ഷ്ണതയോടുംകൂടെ കുട്ടികളേയും സംരക്ഷണം ആവശ്യമുള്ള മുതിർന്നവരേയും സംരക്ഷിക്കുവാനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത ഉറക്കെ പ്രഖ്യാപിക്കുവാനുമുള്ള അവസരവുമാണിത്. കഴിഞ്ഞ കാലഘട്ടങ്ങളിലേക്ക് തിരികെപ്പോയി ആ കാലഘട്ടങ്ങളിൽ വന്നുപോയ തെറ്റുകൾ തിരുത്തുവാൻ നമുക്ക് സാധിക്കുകയില്ല, ഇത്തരം തിൻമകൾ ഇനി ഒരിക്കലും ആവർത്തിക്കപ്പെടാതിരിക്കുവാനുമുള്ള ഉത്തരവാദിത്വം സഭാമക്കളെന്ന നിലയിൽ നമ്മുക്കെല്ലാവർക്കുമുണ്ട്.

നമ്മുടെ ദൈവാലയങ്ങളും, ദൈവാലയപരിസരങ്ങളും നമ്മുടെ ഇടവകകളുടേയും മിഷനുകളുടേയും നേതൃത്വത്തിൽ നടത്തപ്പെടുന്ന എല്ലാ കൂട്ടായ്മകളും പ്രവർത്തനങ്ങളും സുരക്ഷിതവും എല്ലാവരേയും ബഹുമാനിക്കുന്നതും ആദരിക്കുന്നതുമാണെന്ന് ഉറപ്പുവരുത്തുവാൻ എല്ലാ വിശ്വാസികൾക്കും പ്രത്യേകിച്ച്, ഇടവകയുടെ നേതൃത്വത്തിലുള്ളവർക്ക് സവിശേഷമായ കടമയും ഉത്തരവാദിത്വവുമുണ്ട്.

ഈ Safeguarding Sunday യിൽ ഏതാനും ചില കാര്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ:

**Safeguarding** എന്നത് ഏതാനും പേരുടെ മാത്രം ഉത്തരവാദിത്വമല്ല, മറിച്ച് ഓരോ സഭാവിശ്വാസിയുടേയും വീഴ്ച്ച വരുത്താൻ പാടില്ലാത്ത കടമയും കർത്തവ്യവുമാണ്. ഓരോ ഇടവകാംഗവും, ഇടവകയ്ക്കു നേതൃത്വം നൽകുന്നവരും സുരക്ഷിതവും എല്ലാവരേയും സ്വാഗതം ചെയ്യുന്നതുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാനും പരിപാലിക്കുവാനും കടപ്പെട്ടിരിക്കുന്നു. Safeguarding സുതാര്യവും സുസ്ഥിരവുമായിരിക്കണം. പ്രത്യേകിച്ച് കുട്ടികളേയും സംരക്ഷണം ആവശ്യമുള്ള മുതിർന്നവരേയും സംരക്ഷിക്കുകയും അവർക്ക് സുരക്ഷിതമായ ഒരു ചുറ്റുവട്ടം ഒരുക്കുകയും ചെയ്യുക എന്നത് ക്രൈസ്തവദൗത്യത്തിന്റെ മർമ്മപ്രധാനമായ ഭാഗമാണ്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ: 13:35) എന്ന ഈശോനാഥന്റെ കൽപനയുടെ നേർസാക്ഷ്യവുമാണ്.

നമ്മുടെ രൂപതയുടെ ആരംഭത്തിൽതന്നെ കുട്ടികളുടേയും സംരക്ഷണം ആവശ്യമുള്ള മുതിർന്നവരുടേയും സുരക്ഷിതത്വവും സംരക്ഷണവും നമ്മുടെ രൂപതയുടെ അജപാലന ശുശ്രൂഷയുടെ പ്രധാനമായ ഒരു മേഖലയായികണ്ട് അതിനു വേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും സഭാനിയമങ്ങളും രാഷ്ട്രനിയമങ്ങളും അനുസരിച്ച് ആവിഷ്കരിക്കുകയും നടപ്പിലാക്കിവരുകയും ചെയ്യുന്നു. ഇത് ഏതാനും ചില ചട്ടങ്ങളുടേയും നിയമങ്ങളുടേയും അനുസരണം മാത്രമല്ല, മറിച്ച് പരസ്നേഹത്തിലധിഷ്ഠിതമായ ശ്രേഷ്ഠമായ ക്രൈസ്തവധർമ്മമാണ്. ഈ ഉത്തരവാദിത്വം കൃത്യമായി നടപ്പിലാക്കുവാൻ നമുക്ക് ഏറ്റവും അത്യാവശ്യമായത് നിയമങ്ങളെക്കുറിച്ചും, Safeguarding- മായി ബന്ധപ്പെട്ട പോളിസികളെക്കുറിച്ചുമുള്ള അറിവ് സമ്പാദിക്കുക എന്നതാണ്. അതിന് നമ്മെ സഹായിക്കുന്ന ഒരു പ്രധാന മാർഗ്ഗമാണ് **Safeguarding Training**. ഇത് എല്ലാവർക്കും പ്രത്യേകിച്ച് വിവിധ മേഖലകളിൽ volunteer ശുശ്രൂഷ ചെയ്യുന്നവർക്ക് ആവശ്യമായ അറിവും അവബോധവും നൽകുവാനും അങ്ങനെ സുരക്ഷിതമായ ഒരു ചുറ്റുവട്ടം ഒരുക്കുവാനും സഹായിക്കുന്നു.

നമ്മുടെ രൂപതയിൽ ഇതിനകം 15000 പേർ Safeguarding പരിശീലനം നേടി ക്കഴിഞ്ഞു. ഇത് വളരെ ശ്രദ്ധേയമായ നേട്ടമാണ്. 'കുട്ടികളുടേയും സംരക്ഷണം ആവശ്യമുള്ള മുതിർന്നവരുടേയും സുരക്ഷിതത്വം' എന്ന മഹത്തായ ലക്ഷ്യത്തി നുവേണ്ടി Safeguarding training-നും മറ്റ് പരിശീലനങ്ങൾക്കുമായി സമയം കണ്ടെ ത്തുന്ന നിങ്ങൾക്ക് ഞാൻ ആത്മാർത്ഥമായി നന്ദിപറയുന്നു. നിങ്ങളുടെ പ്രവർ ത്തനങ്ങളുടെ ഫലപ്രാപ്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Safeguarding Training ഒരിക്കൽ മാത്രം സംബന്ധിക്കേണ്ട, ഒന്നല്ല മറിച്ച് തുടർപഠനവും തുടർപരിശീലനവും ആവശ്യമായ ഒന്നാണ്. മൂന്ന് വർഷത്തിലൊ രിക്കൽ എല്ലാ volunteers -ഉം Safeguarding Training -ൽ പങ്കെടുക്കേണ്ടതാണ്. നിയ മം അനുശാസിക്കുന്നതുകൊണ്ടുതന്നെ Safeguarding Training -ൽ പങ്കെടുക്കാതെ യും Working with Children/ Blue Card ഇല്ലാതെയും ആർക്കും യാതൊരുവിധ volunteer റോളിലും സേവനം ചെയ്യാൻ സാധിക്കുകയില്ല. അതിനാൽ ഇനിയും ഈ traning -ൽ സംബന്ധിക്കാത്തവർ ഏറ്റവും അടുത്ത സാഹചര്യത്തിൽ Safeguarding training -ൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഒരിക്കലും ഇത്തരം പരിശീലനങ്ങൾ ഒരു ഭാരമായി കാണരുത്, മറിച്ച് നമ്മുടെ ശുശ്രൂഷകൾ സുര ക്ഷിതമായും ഉത്തരവാദിത്വപൂർണ്ണവുമായി നിർവഹിക്കുന്നതിനുള്ള അറിവും പരിശീലനവും നേടുന്നതിനും, നമ്മുടെ വ്യക്തിപരമായ വളർച്ചയ്ക്കുള്ള ഒരു മാർ ഗ്ഗവുമായി കാണണം.

എല്ലാ ഇടവകകളിലും മിഷനുകളിലും കൃത്യമായ ഇടവേളകളിൽ Safeguarding Training നടത്തപ്പെടുന്നുണ്ടെന്ന് വികാരിയച്ചന്മാരും Parish Safeguarding Officers - ഉം ഉറപ്പുവരുത്തേണ്ടതാണ്. നിർഭാഗ്യവശാൽ ചിലയിടങ്ങ ളിൽ സുരക്ഷിത ചുറ്റുപാടുകൾക്കു വിരുദ്ധമായ പ്രവർത്തനങ്ങളും Zero Alcohol Policy – യുടെ ലംഘനങ്ങളും നടക്കുന്നതിന്റെ അനന്തരഫലമായി സിവിൽ കോ ടതിയിലും Eparchial Safeguarding Department ലും പരാതികൾ വർദ്ധിച്ചു വരുന്ന സാഹചര്യം നിലനിൽക്കുന്നു. ഏതെങ്കിലും സാഹചര്യത്തിൽ ഇത്തരം പരാതിക ളിൽ ഉൾപ്പെട്ടാൽ സിവിൽ നിയമത്തിലും കാനോനിക നിയമത്തിലും പറഞ്ഞിരി ക്കുന്ന എല്ലാ അനന്തരഫലങ്ങളും നേരിടേണ്ടിവരുമെന്ന് ഓർമ്മിപ്പിക്കുന്നു. ഇത്ത രം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ സമൂഹത്തിനും വളർന്നുവരുന്ന തലമുറ യ്ക്കും വലിയ ഉതപ്പാണു നൽകുന്നതെന്നുകൂടി ഓർക്കുക.

ഈശോയുടെ കരുണാപൂർവ്വമായ സ്നേഹം മറ്റുള്ളവർക്ക് പകർന്നു കൊ ടുക്കുവാൻ വിളിക്കപ്പെട്ട നാം ആ സ്നേഹത്തിനു വിരുദ്ധമായ യാതൊരു പ്രവർ ത്തനങ്ങളിലും പങ്കാളികളാകാതിരിക്കാൻ പരിശ്രമിക്കണം. ഓർക്കുക, മറ്റുള്ളവർ വായിക്കുന്ന സുവിശേഷം നമ്മുടെ വാക്കുകളും പ്രവർത്തികളുമാണ്. നമ്മുടെ

എല്ലാപ്രവർത്തനങ്ങളും സുരക്ഷിതമായിരിക്കുവാൻ അക്ഷീണം പരിശ്രമിക്കുന്ന എല്ലാവരേയും പ്രത്യേകിച്ച് നമ്മുടെ രൂപതയിലും ഇടവകകളിലും മിഷനുകളിലും സേവനമനുഷ്ഠിക്കുന്ന എല്ലാ Safeguarding Officers നേയും സ്നേഹത്തോടെ ഓർക്കുകയും അവരുടെ നിശബ്ദസേവനത്തിന് ആത്മാർത്ഥമായി നന്ദിപറയുകയും ചെയ്യുന്നു.

പ്രിയമുള്ളവരേ, Safeguarding എന്നത് കേവലം കുറേ നിയമങ്ങളും പോളിസികളും അനുസരിക്കുകയും പാലിക്കുകയും ചെയ്യുകയെന്നതിൽ ഒതുക്കേണ്ട കാര്യമല്ല, മറിച്ച് സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായി മറ്റുള്ളവരെ ആദരിക്കുകയും ബഹുമാനിക്കുകയും അവരോട് സ്നേഹത്തോടും കരുണയോടും കൂടെ പെരുമാറുകയും ചെയ്യുകകൂടിയാണ്. നമ്മുടെ എല്ലാ ഇടങ്ങളിലും പ്രവർത്തനങ്ങളിലും എല്ലാവർക്കും, പ്രത്യേകിച്ച് കുട്ടികൾക്കും സംരക്ഷണം ആവശ്യമുള്ള മുതിർന്നവർക്കും ആശങ്കയോ ഭയമോ ഇല്ലാതെ ജീവിക്കുവാൻ സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഈ Safeguarding Sunday ആചരണം അതിന് നമുക്ക് പ്രചോദനം നൽകട്ടെയെന്ന് ആശംസിക്കുന്നു. നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃസംരക്ഷണവും പരിശുദ്ധാത്മാവിന്റെ സഹായവും നമ്മുടെ എല്ലാ പ്രവർത്തനങ്ങളേയും നയിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ജോൺ പനന്തോട്ടത്തിൽ സി.എം.ഐ**
മെൽബൺ രൂപതയുടെ മെത്രാൻ

**രൂപതാ കാര്യാലയം,**
മെൽബൺ, 08.09.2025

NB: ഈ സർക്കുലർ 2025 സെപ്റ്റംബർ 14 ഞായറാഴ്ച മെൽബൺ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ടത്